"ഭരണഭാഷ മാതൃഭാഷ"

നമ്പർ. സി.പി(2)11758/18.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 04.05.2018.

website: www.cooperation.kerala.gov.in
e mail: keralarcs@gmail.com
Phone no: 0471-2556690

## സർക്കുലർ നമ്പർ - 25/2018.

വിഷയം:- സഹകരണ വകുപ്പ് - പ്രാഥമിക വായ്പാ സഹകരണ ബാങ്ക് / സംഘങ്ങളിലെ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പാ/ ഓവർഡ്രാഫ്റ്റ് പരിധി ഉയർത്തുന്നത് - സംബന്ധിച്ച് .

പരാമർശം:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 12.02.2010 ലെ 08/2010 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 16.06.2011ലെ 42/11 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 28.03.2015ലെ 17/15 നമ്പർ സർക്കുലർ.
4. കേരള കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് യൂണിയന്റെ 03.05.2018ലെ നിവേദനം.

*****

പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ഭവനവായ്പാ പരിധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ടും ഓവർഡ്രാഫ്റ്റ് പരിധി 1 ലക്ഷം രൂപയായി നിജപ്പെടുത്തികൊണ്ടും പരാമർശം (3) പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ബന്ധപ്പെട്ട ബാങ്ക്/സംഘം കാലാകാലങ്ങളിൽ നിക്ഷേപങ്ങൾക്ക് നൽകുന്ന ഏറ്റവും ഉയർന്ന പലിശ നിരക്ക് ജീവനക്കാരുടെ ഭവനവായ്പയ്ക്കും ഓവർഡ്രാഫ്റ്റിനും ഈടാക്കേണ്ടതാണെന്ന് പരാമർശം (2) സർക്കുലറിൽ നിർദ്ദേശിച്ചുമിരുന്നു.

വായ്പാ ആവശ്യത്തിലെ വർദ്ധനയും കെട്ടിട നിർമ്മാണ ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് ജീവനക്കാർക്കുള്ള ഭവനവായ്പാ പരിധിയും ഓവർഡ്രാഫ്റ്റ് പരിധിയും ഉയർത്തണമെന്ന സൂചന(4)ലെ നിവേദനം പരിഗണിച്ച് സഹകരണ സംഘം ജീവനക്കാരുടെ ഭവനവായ്പയുടെ പരിധി ബാങ്കിന്റെ/ സംഘത്തിന്റെ സ്വന്തം ഫണ്ടിന്റെ 20 % എന്ന പരിധിക്ക് വിധേയമായി 10 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തികൊണ്ടും ഓവർഡ്രാഫ്റ്റ് പരിധി 1 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ടി ഭവനനിർമ്മാണവായ്പയുടെയും ഓവർഡ്രാഫ്റ്റിന്റെയും പലിശ നിരക്ക് വായ്പ/ ഓവർഡ്രാഫ്റ്റ് എടുക്കുന്ന കാലയളവിൽ ബാങ്ക്/സംഘം നിക്ഷേപങ്ങൾക്ക് നൽകുന്ന

ഏറ്റവും കൂടിയ പലിശ നിരക്കായി നിലനിർത്തികൊണ്ടും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ഭവനവായ്പയുടെ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 20 ലക്ഷം രൂപയോ ഏതാണോ കുറവ് പ്രസ്തുത തുകയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു.
2) ഒരു സംഘത്തിൽ, ജീവനക്കാർക്ക് നൽകാവുന്ന ഭവനവായ്പയുടെ പരിധി, സ്വന്തം ഫണ്ടിന്റെ 20 % ൽ അധികരിക്കരുത്.
3) ജീവനക്കാർക്ക് അനുവദിക്കാവുന്ന ഓവർഡ്രാഫ്റ്റ് പരിധി 3 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു.
4) വർദ്ധിപ്പിച്ച നിരക്കിലുള്ള ഭവനവായ്പയ്ക്ക് / ഓവർഡ്രാഫ്റ്റിന് ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പലിശ വായ്പയെടുക്കുന്ന കാലയളവിൽ ബാങ്ക്/സംഘം നിക്ഷേപങ്ങൾക്ക് നൽകുന്ന ഏറ്റവും കൂടിയ പലിശനിരക്കായിരിക്കും.

ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പയും ഓവർഡ്രാഫ്റ്റും അനുവദിക്കുന്നതിന് ആവശ്യമായ സബ്ബ് റൂൾ തയ്യാറാക്കി / നിലവിലുള്ള റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അതാത് ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തോട്കൂടി നടപ്പിൽ വരുത്തേണ്ടതാണ്. മേൽ പ്രകാരമുള്ള മാറ്റങ്ങൾ ഒഴികെ മറ്റെല്ലാ നിബന്ധനകളും നിലവിലുള്ള സർക്കുലർ പ്രകാരം തുടരുന്നതാണ്.

(ഒപ്പ്)
**ഡോ. ഡി. സജിത് ബാബു. ഐ.എ.എസ്,**
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:-

1. ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
3. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
4. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ / അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
7. എഡിറ്റർ, സഹകരണ വീഥി.
8. വെബ്സൈറ്റ്.
9. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
10. സ്റ്റോക്ക് ഫയൽ / സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി.ബി).